ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി,
തിരുവനന്തപുരം

TIME: 06.30 PM DATE:06.04.2026

# പ്രധാനവാർത്ത

1. 16-ാം കേരള നിയമസഭയിലേക്കുള്ള തിരഞ്ഞെടുപ്പിന് ഇനി മൂന്ന് നാൾ മാത്രം. മത്സര രംഗത്ത് 890 സ്ഥാനാർത്ഥികൾ.

2. നിയമസഭാ തിരഞ്ഞെടുപ്പിനുള്ള പരസ്യ പ്രചാരണം നാളെ അവസാനിക്കും. കലാശക്കൊട്ട് ആവേശമാക്കാൻ മുന്നണികളും താരപ്രചാരകരും.

3. വോട്ടെടുപ്പ് ദിവസവും തലേന്നും പത്രങ്ങളിൽ രാഷ്ട്രീയ പരസ്യം നൽകുന്നതിന് മുൻകൂർ അനുമതി നിർബന്ധമെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ.

4. പശ്ചിമേഷ്യൻ സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ രാജ്യത്ത് ആവശ്യത്തിന് ഭക്ഷ്യധാന്യ ശേഖരമുണ്ടെന്ന് കേന്ദ്ര സർക്കാർ.

RNUTVPM

**5.സംസ്ഥാനത്ത് വേനൽമഴ മുന്നറിയിപ്പിന്റെ ഭാഗമായി അഞ്ച് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.**

**6. ഐ.പി.എൽ ക്രിക്കറ്റിൽ ഇന്ന് കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് - പഞ്ചാബ് കിംഗ്സ് പോരാട്ടം.**

❁❁❁❁❁❁❁❁❁❁❁❁❁

## തെരഞ്ഞെടുപ്പ്-ഇന്ത്യ

രാജ്യത്ത് നാലു സംസ്ഥാനങ്ങളിലേക്കും ഒരു കേന്ദ്രഭരണ പ്രദേശത്തേക്കുമുള്ള നിയമസഭാ തിരഞ്ഞെടുപ്പിന്റെ ഒരുക്കങ്ങൾ പുരോഗമിക്കുന്നു. പഴുതടച്ച ഒരുക്കങ്ങളാണ് തിരഞ്ഞെടുപ്പ് കമ്മീഷന്റെ നേതൃത്വത്തിൽ നടക്കുന്നത്. പശ്ചിമ ബംഗാളിലെ ഒന്നാം ഘട്ട വോട്ടെടുപ്പിലേക്കുള്ള പത്രിക സമർപ്പണം പൂർത്തിയായി. കേരളം, അസം, പുതുച്ചേരി എന്നിവിടങ്ങളിൽ ഈ മാസം ഒൻപതിനാണ് വോട്ടെടുപ്പ്. പരസ്യ പ്രചാരണം നാളെ അവസാനിക്കും. മെയ് നാലിനാണ് വോട്ടെണ്ണൽ.

RNU TVPM

❋❋❋❋❋❋❋❋❋❋❋❋❋

**കേരളം-പരസ്യപ്രചാരണം**

സംസ്ഥാനത്ത് പരസ്യ പ്രചാരണത്തിന്റെ അവസാന മണിക്കൂറുകളിലും വോട്ട് ഉറപ്പിക്കാനുള്ള പ്രചാരണം ഊർജ്ജിതമാക്കിയിരിക്കുകയാണ് മുന്നണികൾ. നാളെ നടക്കുന്ന കൊട്ടിക്കലാശത്തിനുള്ള തയ്യാറെടുപ്പിലാണ് പ്രമുഖ രാഷ്ട്രീയ പാർട്ടികൾ. നാളെ വൈകിട്ട് 6 മണി വരെയാണ് പരസ്യ പ്രചാരണം. പിന്നീട് നിശബ്ദ പ്രചാരണമാണ്.

RNUTVPM

എൻ.ഡി എയുടെ പ്രചാരണത്തിനായി കേന്ദ്രമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ അമിത് ഷാ ആലപ്പുഴയിൽ റോഡ് ഷോയിൽ പങ്കെടുത്തു. സിപിഐഎം നേതാവും മുഖ്യമന്ത്രിയുമായ പിണറായി വിജയൻ സ്വന്തം മണ്ഡലമായ ധർമ്മടത്ത് പ്രചാരണത്തിലാണ്. യു.ഡി.എഫിനായി കോൺഗ്രസ് നേതാക്കളായ രാഹുൽ ഗാന്ധി

പാലക്കാടും പ്രിയങ്കാ ഗാന്ധി കണ്ണൂരും കോഴിക്കോടും പ്രചാരണം നടത്തി.

❁❁❁❁❁❁❁❁❁❁❁❁❁

**മൊബൈൽ വോട്ടിംഗ് (ഇൻട്രോ)**

തെരഞ്ഞെടുപ്പു പ്രചാരണം അന്തിമ ഘട്ടത്തിലേക്കു നീങ്ങുന്നതിനിടെ തെരഞ്ഞെടുപ്പു ജോലിക്കു നിയോഗിച്ചിട്ടുള്ളവർക്കായുള്ള വോട്ടർ ഫെസിലിറ്റേഷൻ കേന്ദ്രങ്ങളും സജീവമാകുകയാണ്.

PNU TVPM

***കൂടുതൽ വിവരങ്ങളുമായി തിരുവനന്തപുരത്തു നിന്ന് ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി....***

***(വോയിസ്)***

❁❁❁❁❁❁❁❁❁❁❁❁❁

**മോണിറ്ററിങ് ആൻ്റ് സർട്ടിഫിക്കേഷൻ**

വോട്ടെടുപ്പ് ദിവസവും തലേന്നും പത്രങ്ങളിൽ രാഷ്ട്രീയ പരസ്യം നൽകുന്നതിന് മീഡിയ മോണിറ്ററിങ് ആൻ്റ് സർട്ടിഫിക്കേഷൻ

കമ്മിറ്റിയുടെ മുൻകൂർ അനുമതി നിർബന്ധമെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ. സംസ്ഥാനത്ത് വോട്ടെടുപ്പ് നടക്കുന്ന ഏപ്രിൽ 9-നും, തലേ ദിവസമായ ഏപ്രിൽ 8-നും നിയന്ത്രണം ബാധകമാണ്. തെറ്റിദ്ധാരണാജനകമോ വിദ്വേഷം പരത്തുന്നതോ ആയ പരസ്യങ്ങൾ തിരഞ്ഞെടുപ്പ് പ്രക്രിയയെ ദോഷകരമായി ബാധിക്കാതിരിക്കാനാണ് നടപടി.

❁❁❁❁❁❁❁❁❁❁❁❁❁

**കോട്ടയം തെരഞ്ഞെടുപ്പ്**

കോട്ടയം ജില്ലയിലെ NDAയുടെ പ്രചാരണത്തിന്റെ ഭാഗമായി വനിതാ സംഗമം സംഘടിപ്പിച്ചു. പുതുപ്പള്ളി നിയോജകമണ്ഡലം യുഡിഎഫ് സ്ഥാനാർത്ഥി ചാണ്ടി ഉമ്മന്റെ പ്രചാരണത്തിനായി തെലുങ്കാന മന്ത്രി മുഹമ്മദ് അസറുദ്ദീൻ, രാജസ്ഥാൻ പ്രതിപക്ഷ നേതാവ് ടിക്കാറാം ജൂലി, കർണാടക മന്ത്രി കെ ജെ ജോർജ് എന്നിവർ എത്തി. എൽഡിഎഫ്

RNIUTVPM

സ്ഥാനാർത്ഥികൾക്കായി മുതിർന്ന നേതാക്കൾ പ്രചാരണത്തിൽ പങ്കെടുത്തു.

**Editor:SOFIA DANIEL, Source: പിടിസി കോട്ടയം, CNRT:പാർവതി, Reader: AMRITHA U S, DEO:SANDHYA RANI G S**

## പത്തനംതിട്ട-കളക്ടർ

നിയമസഭാ തിരഞ്ഞെടുപ്പിന് പത്തനംതിട്ട ജില്ല പൂർണ സജ്ജമാണെന്ന് ജില്ല കളക്ടർ എസ്.പ്രേം കൃഷ്ണൻ. ജില്ലയിലെ എല്ലാ പോളിംഗ് ബൂത്തുകളിലും വോട്ടർമാർക്ക് മൊബൈൽ ഫോണുകൾ അനുവദനീയമല്ലെന്നും പ്രവേശന കവാടത്തിനു പുറത്തുള്ള മൊബൈൽ ഡിപ്പോസിറ്ററിയിൽ ഫോൺ സൂക്ഷിക്കാൻ സ□ കര്യം ഒരുക്കിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. എല്ലാ പോളിംഗ് ബൂത്തുകളിലും 100% വെബ്കാസ്റ്റിംഗ് സംവിധാനം ഏർപ്പെടുത്തുമെന്നും ശ്രീ പ്രേം കൃഷ്ണൻ അറിയിച്ചു.

RNUTVPM

❁❁❁❁❁❁❁❁❁❁❁❁❁

**ഹരിത മൊബൈൽ ഫോൺ(ഇൻട്രോ)**

തിരഞ്ഞെടുപ്പ് പ്രക്രിയയെ കൂടുതൽ പരിസ്ഥിതി സ ഹാർദ്ദപരമാക്കുന്നതിനായി ഉപയോഗശൂന്യമായ വസ്ത്രങ്ങൾ പുനരുപയോഗപ്പെടുത്തി ***'ഹരിത മൊബൈൽ ഫോൺ കീപ്പിങ് പൗച്ചുകൾ'*** നിർമ്മിച്ച് എറണാകുളം ജില്ലാ ഭരണകൂടം. ശുചിത്വ മിഷൻ ,ഹരിത കേരളം മിഷൻ, ക്ലീൻ കേരള കമ്പനി എന്നിവയുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കിയത്.

**വിശദാംശങ്ങളിലേക്ക്...**

**(വോയിസ്)**

❁❁❁❁❁❁❁❁❁❁❁❁❁

**ഹരിത മൊബൈൽ ഫോൺ(വോയിസ്)**

എറണാകുളം ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ക്ലോത്ത് കളക്ഷൻ ഡ്രൈവിലൂടെ ശേഖരിച്ച കോട്ടൺ

RNU TVPM

വസ്ത്രങ്ങൾ ഉപയോഗിച്ചാണ് പ▯ ച്ചുകൾ നിർമ്മിച്ചത്. ജില്ലയിലെ 3,148 പോളിംഗ് ബൂത്തുകളിലേക്കായി ഏകദേശം 3,200 മൊബൈൽ പ▯ ച്ചുകൾ തയ്യാറാക്കിയിട്ടുണ്ട്. കുടുംബശ്രീ യൂണിറ്റുകളുടെ സഹകരണത്തോടെയാണ് നിർമ്മാണം. വോട്ടിന്റെ രഹസ്യസ്വഭാവം സംരക്ഷിക്കുന്നതിനും സുരക്ഷാ ക്രമീകരണങ്ങളുടെ ഭാഗമായും പോളിങ് ബൂത്തിനകത്ത് മൊബൈൽ ഫോൺ പ്രവേശിപ്പിക്കുന്നത് പൂർണ്ണമായും നിരോധിച്ചതിനാലാണ് മൊബൈൽ കീപ്പിങ് പ▯ ച്ചുകൾ ആവശ്യമായി വന്നത്.

*ന്യൂസ് ഡെസ്ക് ആകാശവാണി...*

RNU TVPM

## പാലക്കാട് പ്രചാരണം

നിയമസഭാ തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് സ്വീപ് വോട്ടർ ബോധവത്കരണത്തിന്റെ ഭാഗമായി പാലക്കാട്, കാളവണ്ടി റാലി സംഘടിപ്പിച്ചു. പാലക്കാട് സിവിൽ സ്റ്റേഷൻ

നിന്ന് ആരംഭിച്ച റാലി സ്റ്റേഡിയം സ്റ്റാൻഡ്, സുൽത്താൻ പേട്ട, മോയൻസ് സ്കൂൾ, ശകുന്തള ജംഗ്ഷൻ, ടൗൺ സ്റ്റാൻഡ് മിഷൻ സ്കൂൾ വഴി തിരിച്ചു സിവിൽ സ്റ്റേഷനിൽ സമാപിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

**തിരഞ്ഞെടുപ്പ് ഓഫീസർ - ഡാൻസ് വീഡിയോ**

സംസ്ഥാന നിയമസഭാ തിരഞ്ഞെടുപ്പിൽ വോട്ട് ചെയ്യാൻ യുവാക്കളെ ബോധവൽകരിക്കുന്നതിനായി തെരഞ്ഞെടുപ്പ് കമ്മീഷൻ ഒരുക്കിയ ഡാൻസ് വീഡിയോ സോഷ്യൽ മീഡിയയിൽ വൈറലാകുന്നു. മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കറിന്റെ നേതൃത്വത്തിലുള്ള സംഘമാണ് റാപ്പ് ഗാനത്തിനൊപ്പം ആവേശകരമായ നൃത്തച്ചുവടുമായി
എത്തുന്നത്.തിരുവനന്തപുരം ജില്ലാ കളക്ടർ അനുകുമാരി, അസിസ്റ്റന്റ് കളക്ടർ ശിവശക്തിവേൽ എന്നിവരുൾപ്പെടെ നിയമസഭാ തിരഞ്ഞെടുപ്പ് നടത്തിപ്പിൽ

RNIU TVPM

ഉൾപ്പെട്ട ഉന്നത ഉദ്യോഗസ്ഥരും കേൽക്കറിനൊപ്പം പ്രചാരണ വീഡിയോയിലുണ്ട്.

## നാമനിർദേശ പത്രിക -തമിഴ്നാട്

തമിഴ്നാട്ടിൽ നാമനിർദേശ പത്രിക സമർപ്പണം □ ന്ന് അവസാനിച്ചു. മൂവായിരത്തി 400-ലധികം സ്ഥാനാർത്ഥികളാണ് മത്സര രംഗത്തുള്ളത്. നാളെ സൂക്ഷ്മപരിശോധന നടക്കും. വ്യാഴാഴ്ച വരെ പത്രിക പിൻവലിക്കാം. വോട്ടെടുപ്പ് ഈ മാസം 23-ന് നടക്കും. അടുത്ത മാസം 4-നാണ് വോട്ടെണ്ണൽ.

RNU TVPM

## കോഴിക്കോട്-വയനാട് തുരങ്കപാത

കോഴിക്കോട്-വയനാട് തുരങ്കപാത നിർമ്മാണത്തിന് കേരളത്തിന് നൽകിയ പരിസ്ഥിതി അനുമതി ചോദ്യം ചെയ്തുള്ള ഹർജി തള്ളി സുപ്രീം കോടതി. വയനാട്

പ്രകൃതി സംരക്ഷണ സമിതി സമർപ്പിച്ച ഹർജി ചീഫ് ജസ്റ്റിസ് സൂര്യകാന്ത് അടങ്ങിയ ബെഞ്ചാണ് തള്ളിയത്. ഉയർന്ന ജനസാന്ദ്രതയും ഭൂമി ഏറ്റെടുക്കുന്നതിലെ ബുദ്ധിമുട്ടും കാരണം റോഡുകളിൽ വലിയ ഗതാഗതകുരുക്ക്
അനുഭവിക്കുന്ന കേരളത്തിലെ ജനങ്ങൾക്ക് പദ്ധതി പുതു ജീവൻ നൽകുമെന്നും കോടതി നിരീക്ഷിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

**പശ്ചിമേഷ്യ(ഇൻഡ്രോ)**

പശ്ചിമേഷ്യൻ സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ രാജ്യത്ത് ആവശ്യത്തിന് ഭക്ഷ്യധാന്യ ശേഖരം ഉണ്ടെന്ന് കേന്ദ്ര സർക്കാർ. ന്യൂഡൽഹിയിൽ പശ്ചിമേഷ്യയിലെ സമീപകാല സംഭവവികാസങ്ങളെക്കുറിച്ചുള്ള അന്തർ-മന്ത്രാലയ
വാർത്താസമ്മേളനത്തിൽ ഉപഭോക്തൃ കാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി അനുപം

RNU TVPM

മിശ്രയാണ്  ക്കാര്യം അറിയിച്ചത്. അവശ്യസാധനങ്ങളുടെ വിലയും വിതരണവും ഉൾപ്പെടെ സർക്കാർ നിരീക്ഷിച്ചുവരുന്നതായും അദ്ദേഹം പറഞ്ഞു.

***(ഹോൾഡ് വോയിസ് അനുപം മിശ്ര)***

**കാലാവസ്ഥ**

RNUTVPM

സംസ്ഥാനത്ത് വേനൽച്ചൂടിന് കാഠിന്യമേറി. തെരഞ്ഞെടുപ്പ് പ്രവർത്തങ്ങളിൽ ഏർപ്പെടുന്നവർ ഉൾപ്പെടെ പൊതുജനങ്ങൾ മുൻകരുതൽ സ്വീകരിക്കണമെന്ന് ദുരന്ത നിവാരണ അതോറിറ്റി അറിയിച്ചു. പകൽ 11 മുതൽ 3 മണി വരെ വെയിലേൽക്കുന്നത് പരമാവധി ഒഴിവാക്കുക. അതെസമയം, വേനൽമഴ മുന്നറിയിപ്പിന്റെ ഭാഗമായി കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം,  ടുക്കി ജില്ലകളിൽ  ന്ന് മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

## ഐ.പി.എൽ

ഐ.പി.എൽ ക്രിക്കറ്റിൽ  ന് കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് - പഞ്ചാബ് കിംഗ്സിനെ നേരിടും. രാത്രി 7:30 ന് കൊൽക്കത്തയിലാണ് മത്സരം.

---

## വനിതാ കമ്മീഷൻ

സ്ത്രീകളുടെ സുരക്ഷയും അന്തസ്സും ഉറപ്പാക്കാൻ രാജ്യത്ത് ശക്തമായ നിയമങ്ങളുണ്ടെന്ന് ദേശീയ വനിതാ കമ്മീഷൻ അധ്യക്ഷ വിജയ രാഹത്കർ. സ്ത്രീകളുടെ പ്രശ്നങ്ങളെയും ശാക്തീകരണ സംരംഭങ്ങളെയും കുറിച്ച് ആകാശവാണി ന്യൂഡൽഹിയിൽ സംഘടിപ്പിച്ച ശിൽപശാലയിൽ സംസാരിക്കുകയായിരുന്നു അവർ. നിയമപ്രകാരമുള്ള അവകാശങ്ങൾ എല്ലാ സ്ത്രീകളും വിനിയോഗിക്കണമെന്നും പുരുഷന്മാർക്കും സ്ത്രീകൾക്കും തുല്യ അവസരവും തുല്യ ബഹുമാനവും

PNU TVPM

ഉറപ്പാക്കണമെന്നും വനിതാ കമ്മീഷൻ അധ്യക്ഷ വ്യക്തമാക്കി.

## ഓഹരി + സ്വർണ്ണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 787 പോയിന്റ് ഉയർന്ന് 74,106 ലും ,നിഫ്റ്റി 255 പോയിന്റ് നേട്ടത്തിൽ 22,968 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ വില വർധിച്ചു. ഗ്രാമിന് 140 രൂപ ഉയർന്ന് 13,810 രൂപയും പവന് 1,120 രൂപ വർധിച്ച് ഒരു ലക്ഷത്തി 10,480 രൂപയുമാണ് □ ന്നത്തെ വില.

RNUTVPM